# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: അനുപമ T.V IAS)

വിഷയം : വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി - സ്ക്കൂൾ കൗൺസിലർ ശ്രീമതി. വിദ്യ S കുമാറിന് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:1) 13-10-14ലെ 17722/ബി.1/2013/സാ.നീ.വ നമ്പർ സർക്കാർ കത്ത്.
2) 29-11-14,3-2-15 എന്നീ തീയതികളിലെ ഈ കാര്യാലയത്തിലെ ICDS/A6-18730/14 നമ്പർ കത്തുകൾ.
3) തൃശൂർ ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ 6-6-19ലെ DSJO/TSR/946/19 കത്ത്.
4) പാലക്കാട് ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ 29-06-19 തീയതിയിലെ C/1934/19 നമ്പർ കത്ത്.
5) സർക്കാർ ഉത്തരവ് നമ്പർ 24/2017 സാനീവ തീയതി:30/06/17
6) ഈ കാര്യാലയത്തിലെ 18-06-19ലെ ഉത്തരവ് നമ്പർ ഇ1/ 24251/18/WCD

## ഉത്തരവ് നമ്പർ ICDS/A6-18323/19 തീയതി: 04-09-2019

സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതിക്കു കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ക്കൂൾ കൗൺസിലർമാർക്ക് അവരുടെ വിവാഹം, വീടുമാറ്റം തുടങ്ങിയ അവസരങ്ങളിൽ ഉഭയസമ്മത പ്രകാരമോ പുതുതായി ഉണ്ടാകുന്ന ഒഴിവുകളിലോ സ്ഥലം മാറ്റം അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. പരാമർശം (5) ഉത്തരവ് പ്രകാരം വനിത ശിശു വികസന വകുപ്പ് രൂപീകൃതമായ സാഹചര്യത്തിൽ ജില്ലയ്ക്കകത്തെ സ്ഥലമാറ്റം ജില്ല വനിത ശിശു വികസന ഓഫീസർമാരിലും ജില്ലാന്തര സ്ഥലംമാറ്റങ്ങൾ വനിത ശിശു വികസന ഡയറക്ടറിലും നിക്ഷിപ്തമാണ്.

മേൽ പരാമർശം (3) പ്രകാരം തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി പ്രോജക്ടിനു കീഴിൽ ദേശമംഗലം വൊക്കേഷണൽ HSS-ൽ സ്ക്കൂൾ കൗൺസിലർ പാലക്കാട് ജില്ലയിലെ തൃത്താല പ്രോജക്ടിലെ ചാത്തന്നൂർ ഗവൺമെന്റ് HSS സ്ക്കൂളിലേയ്ക്ക് സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പാലക്കാട് ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ റിപ്പോർട്ട്സഹിതം പരിശോധിക്കുകയുണ്ടായി. പാലക്കാട് ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം തൃത്താല പ്രോജക്ടിലെ ചാത്തന്നൂർ GHSS സ്ക്കൂളിൽ കൗൺസിലറുടെ ഒഴിവുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യ S കുമാർ സ്ക്കൂൾ കൗൺസിലറെ നിലവിൽ സേവനമനുഷ്ഠിക്കുന്ന തൃശൂർ

ജില്ലയിലെ വടക്കാഞ്ചേരി പ്രോജക്ടിനു കീഴിലുള്ള ദേശമംഗലം ഗവൺമെന്റ് വൊക്കേഷണൽ GHSS സ്ക്കൂളിൽ നിന്നും പാലക്കാട് ജില്ലയിലെ തൃത്താല പ്രോജക്ടിലെ ചാത്തന്നൂർ GHSS സ്ക്കൂളിലേയ്ക്ക് സ്ഥലംമാറ്റം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി. വിദ്യ.S കുമാർ സ്ക്കൂൾ കൗൺസിലറെ ഉടൻ പ്രാബല്യത്തിൽ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്ത തീയതിയും സ്ഥലം മാറ്റം ലഭിച്ച സ്ക്കൂളിൽ പ്രവേശിച്ച തീയതിയും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കൂടാതെ ശ്രീമതി. വിദ്യ S കുമാർ സ്ക്കൂൾ കൗൺസിലർ കൈകാര്യം ചെയ്തിരുന്ന കെസ് ഫയലുകൾ, ഫർണ്ണിച്ചറുകളുടെ രജിസ്റ്ററുകൾ തുടങ്ങി ബന്ധപ്പെട്ട എല്ലാ ഡോക്യുമെന്റുകളും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്ക് കൈമാറേണ്ടതും ശിശു വികസന പദ്ധതി ഓഫീസർ കേസ് ഫയലുകളുടെ രഹസ്യ സ്വഭാവം നിലനിർത്തികൊണ്ടു തന്നെ പുതുതായി വരുന്ന കൗൺസിലർക്ക് ഇവ കൈമാറേണ്ടതുമാണ്.

ഒപ്പ്
വനിത ശിശു വികസന ഡയറക്ടർ

ശ്രീമതി. വിദ്യ S കുമാർ.
പകർപ്പ് :
1) ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
2) ബന്ധപ്പെട്ട ജില്ലാ സാമഹ്യനീതി ഓഫീസർമാർക്ക്
3) ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്
4) പ്രിൻസിപ്പാൾ,
   ദേശമംഗലം ഗവൺമെന്റ് വൊക്കേഷണൽ GHSS
5) പ്രിൻസിപ്പാൾ, ചാത്തന്നൂർ GHSS.
6) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

ജികെ/